**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4334**

**21.03.2018-ൽ മറുപടിക്ക്**

**എൽ.ഡി.സി. റാങ്ക് ലിസ്റ്റ്**

**ചോദ്യം**

**ശ്രീ. കെ.എസ്.ശബരീനാഥൻ**

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിവിധ ജില്ലകളിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റുകൾ എന്നാണ് നിലവിൽ വന്നിട്ടുള്ളത്; ഈ റാങ്ക് ലിസ്റ്റുകളുടെ ഓരോന്നിന്റെയും കാലാവധി എന്നാണ് അവസാനിക്കുന്നത്; ഈ കാലയളവിൽ എത്ര പേർക്ക് സംസ്ഥാനത്ത് നിയമനം നൽകി; ഇത് മൊത്തം റാങ്ക് ലിസ്റ്റിന്റെ എത്ര ശതമാനം വരും; നിലവിൽ എൽ.ഡി.സി. നിയമനം നൽകിയിട്ടുള്ളത് കഴിഞ്ഞ തവണത്തേക്കാൾ കുറവാണെന്ന് ഉള്ള കാര്യം ഗൗരവമായി കാണുമോ; വിശദാംശങ്ങൾ നൽകാമോ; | (എ) | വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി.ക്ലാർക്ക് തസ്തികയുടെ റാങ്ക് പട്ടിക എല്ലാ ജില്ലകളിലും 31.03.2015 ന് നിലവിൽ വന്നു. ലിസ്റ്റിന്റെ സ്വാഭാവിക കാലാവധി 31.03.2018 ന് അവസാനിക്കും. അതിനു മുൻപായി ടി തസ്തികയിലേക്ക് പുതിയ ഒരു റാങ്ക് പട്ടിക നിലവിൽ വരുന്ന പക്ഷം പ്രസ്തുത തീയതി മുതൽ പഴയ ലിസ്റ്റിന് പ്രാബല്യം ഇല്ലാതായി തീരും. റാങ്ക് ലിസ്ററിൽ നിന്നുള്ള നിയമന ശിപാർശ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | ആകെ നിയമന ശിപാർശ | നേരിട്ടുള്ള നിയമനത്തിനായുള്ള ലിസ്റ്റിൽ ശതമാനം |
|---|---|---|---|
| 1 | തിരുവനന്തപുരം | 1180 | 21.00% |
| 2 | കൊല്ലം | 686 | 23.00% |
| 3 | പത്തനംതിട്ട | 482 | 20.00% |
| 4 | ആലപ്പുഴ | 615 | 27.00% |
| 5 | കോട്ടയം | 610 | 25.00% |
| 6 | ഇടുക്കി | 570 | 29.00% |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>7</td><td>എറണാകുളം</td><td>883</td><td>21.00%</td></tr>
<tr><td>8</td><td>തൃശ്ശൂർ</td><td>892</td><td>22.00%</td></tr>
<tr><td>9</td><td>പാലക്കാട്</td><td>780</td><td>25.00%</td></tr>
<tr><td>10</td><td>മലപ്പുറം</td><td>894</td><td>25.00%</td></tr>
<tr><td>11</td><td>കോഴിക്കോട്</td><td>871</td><td>22.00%</td></tr>
<tr><td>12</td><td>വയനാട്</td><td>308</td><td>20.00%</td></tr>
<tr><td>13</td><td>കണ്ണൂർ</td><td>678</td><td>23.00%</td></tr>
<tr><td>14</td><td>കാസറഗോഡ്</td><td>442</td><td>28.00%</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ലോവർ ഡിവിഷൻ ക്ലാർക്ക് ഒഴിവുകളിൽ മറ്റ് രീതിയിൽ ഉള്ള നിയമനങ്ങൾക്കായി എത്ര ശതമാനം ഒഴിവുകളാണ് നീക്കി വയ്ക്കാറുള്ളത്; ഇതിന്റെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;</td><td rowspan="2">(ബി) യും (സി) യും (ഡി) യും</td><td rowspan="2">വിവരം ശേഖരിച്ചു വരുന്നു.</td></tr>
<tr><td>(സി)</td><td>ആശ്രിത നിയമനം, അന്തർ ജില്ലാ ട്രാൻസ്ഫർ, താഴ്ന്ന തസ്തികകളിൽ നിന്നുള്ള പ്രമോഷൻ, സ്പോർട്സ് ക്വാട്ട തുടങ്ങിയ നിയമന രീതികളിൽ എത്ര പേരെ ഈ കാലത്ത് വിവിധ വകുപ്പുകളിൽ എൽ ഡി സി ആയി നിയമിച്ചിട്ടുണ്ട്; ഇങ്ങനെ നിയമിക്കപ്പെട്ടവർ നിശ്ചിത ശതമാനത്തെക്കാൾ കൂടുതൽ ആണെന്ന ഗൗരവമായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അനധികൃതമായി ഈ നിയമനങ്ങൾ നടത്തുന്ന വകുപ്പ് മേധാവികൾക്ക് എതിരെ നടപടി സ്വീകരിക്കുമോ;</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | പോലീസ്, മൃഗസംരക്ഷണ വകുപ്പുകളിൽ നിന്നും ഈ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിന് ശേഷം ഒരു ഒഴിവ് പോലും റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം എന്താണ് എന്ന് വ്യക്തമാക്കാമോ; ഈ വകുപ്പുകളിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ ഈ കാലത്ത് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും അല്ലാതെ നിയമിച്ചിട്ടുണ്ടെങ്കിൽ അത് നിയമപ്രകാരമായിരുന്നോ; വിശദാംശം നൽകാമോ; | | |
| (ഇ) | നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റ് കാലയളവിൽ ഉണ്ടായ ഒഴിവുകൾ മുൻകൂർ ഒഴിവുകളായി പരിഗണിച്ച് സൂപ്പർ ന്യൂമററി തസ്തികയായി നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് മതിയായ കോമ്പൻസേഷൻ ഈ റാങ്ക് ലിസ്റ്റിൽ ഉള്ളവർക്ക് നൽകുമോ; വ്യക്തമാക്കാമോ; | (ഇ) യും (എഫ്) ഉം (ജി) യും | 30.03.2015 ന് **കാലാവധി പൂർത്തിയായ** എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിനായി ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുശേഷം 2015 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ ഉണ്ടായ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇപ്രകാരം റിപ്പോർട്ട് ചെയ്ത തസ്തികകളിലേക്ക് 30.03.2015ൽ അവസാനിച്ച റാങ്ക് ലിസ്റ്റിൽനിന്നും നിയമനവും നടത്തിയിരുന്നു. കൂടാതെ, ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഉണ്ടായിരുന്ന അപേക്ഷകളിൽ നിയമന ഊഴം കണക്കാക്കാതെ മുൻകൂറായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചും നിയമനം നട |
| (എഫ്) | സൂപ്പർ ന്യൂമറി തസ്തികകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാരെ സർവ്വീസ് റഗുലറൈസ് ചെയ്യുമ്പോൾ നിശ്ചിത ശതമാനത്തിൽ കൂടുതൽ ആൾക്കാരെ പരിഗണിക്കുന്നത് വഴി ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാത്ത | | |

| | | |
|---|---|---|
| | സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | ത്തിയിരുന്നു. ഇപ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചവരെ ഇപ്പോൾ നിലവിലുള്ള (31.03.2015ൽ നിലവിൽ വന്നത്) എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഉണ്ടായ ഒഴിവുകൾ ഉപയോഗിച്ച് റെഗുലറൈസ് ചെയ്യുകയുണ്ടായി. അതിനാൽ, നിലവിലെ എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം താരതമ്യേന കുറഞ്ഞതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു എൽ.ഡി.സി.റാങ്ക് ലിസ്റ്റിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി ഓരോ ജില്ലയിലും ഉണ്ടാവുന്ന മുഴുവൻ ഒഴിവുകളും യാതൊരു കാലതാമസവും കൂടാതെ തന്നെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13.12.2017-ലെ ഉപസി3/428/17/ഉഭപവ സർക്കുലർ മുഖേനയും കൂടാതെ ടി റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി നിലവിൽ ആശ്രിത നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, തസ്തിക മാറ്റനിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, മറ്റുതരത്തിൽ നീക്കിവച്ചിട്ടുള്ളതോ ഉൾപ്പെടെ എല്ലാ ഒഴിവുകളും 27.03.2018 നകം തന്നെ |
| (ജ) | ഉന്നത വിദ്യാഭ്യാസവും പി.എസ്.സി. നിശ്ചയിച്ച യോഗ്യതയും മത്സര പരീക്ഷയും എഴുതി ഉയർന്ന റാങ്ക് നേടി വരുന്ന ഉദ്യോഗാർത്ഥികൾക്ക് അർഹമായ ഒഴിവുകൾ ഈ കാരണങ്ങളാൽ കിട്ടാതെ വരുന്നതിലൂടെ സർക്കാർ സർവ്വീസിൽ ഗുണമേന്മയുള്ള ഉദ്യോഗസ്ഥരുടെ സേവനമാണ് ലഭ്യമാകാതെ വരുന്നത് എന്നുള്ള കാര്യം ശ്രദ്ധിക്കുമോ? | |

| | | | |
|---|---|---|---|
| | | | പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 17.03.2018-ലെ ഉപസി3/428/17/ഉഭപവ സർക്കുലർ മുഖേനയും സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ